# കേരള സർവകലാശാല

നം.പി.ആർ.96/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ജൂൺ 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ ഡിഗ്രി (ഫുൾടൈം – യു.ഐ.എം ഉൾപ്പെടെ/റെഗുലർ –ഈവനിംഗ്)/(ട്രാവൽ ആന്റ് ടൂറിസം) (2014 & 2018 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ച് 16 ന് ആരംഭിച്ച അവസാന വർഷ ബി.ബി.എ (ആന്വൽ – സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷയുടെ മാറ്റിവെച്ച പരീക്ഷകൾ ജൂൺ 12 ന് പുനഃരാരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### പരീക്ഷാകേന്ദ്രങ്ങൾ

2020 ജൂൺ 8 ന് ആരംഭിക്കുന്ന ബി.എ (എസ്.ഡി.ഇ) അഞ്ചും ആറും സെമസ്റ്റർ പരീക്ഷകൾക്ക് രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, ആറ്റിങ്ങൽ ഉപ പരീക്ഷാകേന്ദ്രമായിരിക്കുന്നതല്ല. ഗവ.കോളേജ്, ആറ്റിങ്ങൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കാര്യവട്ടത്തും എസ്.എൻ കോളേജ്, വർക്കല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തും പരീക്ഷ എഴുതേണ്ടതാണ്.

2020 ജൂൺ 8 ന് ആരംഭിക്കുന്ന ബി.കോം എസ്.ഡി.ഇ (2017 അഡ്മിഷൻ) അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷയ്ക്ക് എം.ജി കോളേജ്, തിരുവനന്തപുരം, എസ്.എൻ കോളേജ്, ചെമ്പഴന്തി, വി.ടി. എം.എൻ.എസ്.എസ് കോളേജ് എന്നിവിടങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളും കൂടാതെ ഗവ.വിമൻസ് കോളേജിലെ രജിസ്റ്റർ നമ്പർ 852171046 മുതൽ 852173223 വരെയുള്ള വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് പരീക്ഷ എഴുതേണ്ടതാണ്. ഗവ.വിമൻസ് കോളേജ് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളിൽ രജിസ്റ്റർ നമ്പർ 866171004 മുതൽ 866173061 വരെയും 816171158 മുതൽ 816171490 വരെയുള്ളവരും ഗവ.കോളേജ്, നെടുമങ്ങാട് അപേക്ഷിച്ചിരുന്ന രജിസ്റ്റർ നമ്പർ 866171110 മുതൽ 866172628 വരെയുള്ളവർ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കാര്യവട്ടത്ത് പരീക്ഷ എഴുതേണ്ടതാണ്. എൻ.എസ്.എസ് കോളേജ്, കരമന, ഗവ.കോളേജ്,

ആറ്റിങ്ങൽ എന്നിവിടങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളും ഗവ.കോളേജ്, നെടുമങ്ങാടിലെ രജിസ്റ്റർ നമ്പർ 816171041 മുതൽ 816171467 വരെയും 852172131 മുതൽ 852172422 വരെയുള്ളവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കാര്യവട്ടത്തും പരീക്ഷ എഴുതേണ്ടതാണ്. എസ്.എൻ കോളേജ്, വർക്കല അപേക്ഷിച്ചിരുന്ന എല്ലാ വിദ്യാർത്ഥികളും കർമ്മലറാണി ട്രെയിനിംഗ് കോളേജ്, ഫാത്തിമ റോഡ്, കൊല്ലത്ത് പരീക്ഷ എഴുതേണ്ടതാണ്. ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം, ആൾ.സെയിന്റ്സ് കോളേജ്, തിരുവനന്തപുരം, ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കട എന്നീ കോളേജുകളിലെ എല്ലാ വിദ്യാർത്ഥികളും ജോൺ കോക്സ് മെമ്മോറിയൽ സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കണ്ണമ്മൂലയിൽ പരീക്ഷ എഴുതേണ്ടതാണ്. സെന്റ്.സേവ്യേഴ്സ് കോളേജ്, തുമ്പയിലെ രജിസ്റ്റർ നമ്പർ 866171064 മുതൽ 866172387 വരെയും 852171505 മുതൽ 852172689 വരെയുള്ളവർ കെ.യു.സി.റ്റി.ഇ കാര്യവട്ടം, എൽ.എൻ.സി.പി.ഇ റോഡ്, (ഗവൺമെന്റ് കോളേജ് കാര്യവട്ടത്തിന് സമീപം) ൽ പരീക്ഷ എഴുതേണ്ടതാണ്. സെന്റ്.സേവ്യേഴ്സ് കോളേജ്, തുമ്പയിലെ രജിസ്റ്റർ നമ്പർ 866172393 മുതൽ 866173100 വരെയുള്ളവർ കെ.യു.സി.റ്റി.ഇ കുമാരപുരത്തിൽ പരീക്ഷ എഴുതേണ്ടതാണ്. എം.എസ്.എം കോളേജ്, കായംകുളത്തെ രജിസ്റ്റർ നമ്പർ 852171005 മുതൽ 852173420 വരെയും 816171040 മുതൽ 816171542 വരെയുള്ള വിദ്യാർത്ഥികൾ ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാറ്റൂർ, നൂറനാട്, ആലപ്പുഴയിൽ പരീക്ഷ എഴുതേണ്ടതാണ്. എം.എസ്.എം. കോളേജ്, കായംകുളത്തെ രജിസ്റ്റർ നമ്പർ 866171006 മുതൽ 866173150 വരെയുള്ള വിദ്യാർത്ഥികൾ കെ.യു.സി.റ്റി.ഇ, കായംകുളത്തിൽ പരീക്ഷ എഴുതേണ്ടതാണ്. സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തലയിലെ എല്ലാ വിദ്യാർത്ഥികളും കാർമ്മൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മുഹമ്മ ആലപ്പുഴയിൽ പരീക്ഷ എഴുതേണ്ടതാണ്. എസ്.എൻ കോളേജ്, ചേർത്തലയിലെ എല്ലാ വിദ്യാർത്ഥികളും കെ.യു.സി.റ്റി.ഇ, ആര്യാടിൽ പരീക്ഷ എഴുതേണ്ടതാണ്. എസ്.ഡി കോളേജ്, ആലപ്പുഴയിലെ എല്ലാ വിദ്യാർത്ഥികളും യു.എം.എം ആലപ്പുഴയിൽ പരീക്ഷ എഴുതേണ്ടതാണ്. ശ്രീ.വിദ്യാധിരാജാ കോളേജ്, കരുനാഗപ്പള്ളി, ഡി.ബി.കോളേജ്, ശാസ്താംകോട്ട, എസ്.ജി കോളേജ്, കൊട്ടാരക്കര എന്നീ കോളേജുകളിലെ എല്ലാ വിദ്യാർത്ഥികളും ബസേലിയോസ് മാത്യൂസ് II കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ശാസ്താംകോട്ടയിൽ പരീക്ഷ എഴുതേണ്ടതാണ്. ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കൊല്ലത്തെ എല്ലാ വിദ്യാർത്ഥികളും ഗവ.മോഡൽ എച്ച്.എസ് ഫോർ ഗേൾസ്, തേവള്ളി, കൊല്ലത്ത് പരീക്ഷ എഴുതേണ്ടതാണ്. എസ്.എൻ കോളേജ്, കൊല്ലത്തെ എല്ലാ വിദ്യാർത്ഥികളും ടി.കെ.ഡി.എം.വി.എച്ച്.എസ്.എസ് കടപ്പാക്കട, കൊല്ലത്ത് പരീക്ഷ എഴുതേണ്ടതാണ്. എസ്.എൻ കോളേജ്, പുനലൂരിലെ എല്ലാ വിദ്യാർത്ഥികളും യു.എം.എം പുനലൂരിൽ പരീക്ഷ എഴുതേണ്ടതാണ്. എം.എം.എൻ.എസ്.എസ് കോളേജ്, കൊട്ടിയം, എസ്.എൻ.കോളേജ് ഫോർ വിമൻ, കൊല്ലം എന്നിവിടങ്ങളിലെ എല്ലാ വിദ്യാർത്ഥികളും ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, പള്ളിമുക്ക്, കൊല്ലം (വടക്കേവിള) യിൽ പരീക്ഷ എഴുതേണ്ടതാണ്. എസ്.എൻ കോളേജ്, ചാത്തന്നൂരിലെ എല്ലാ വിദ്യാർത്ഥികളും യു.കെ.എഫ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, പാരിപ്പള്ളിയിൽ പരീക്ഷ എഴുതേണ്ടതാണ്. ബി.ജെ.എം കോളേജ്. ചവറയിലെ എല്ലാ വിദ്യാർത്ഥികളും കെ.യു.സി.റ്റി.ഇ ജി.എച്ച്.എസ്.എസ് ഫോർ ബോയ്സ്, തേവള്ളി, കൊല്ലത്ത് പരീക്ഷ എഴുതേണ്ടതാണ്. വിശദാംശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

2020 മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി)യുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 15 മുതൽ 17 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## എം.ബി.എ അഡ്മിഷൻ – തീയതി നീട്ടി

സർവകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), എം.ബി.എ (ജനറൽ–സി.എസ്.എസ് & ടൂറിസം – സി.എസ്.എസ്) ഫുൾടൈം കോഴ്സിന്റെ 2020 – 22 ബാച്ചിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. പുതുക്കിയ അപേക്ഷാതീയതി ജൂലൈ 5, 10 p.m വരെ. വിശദവിവരങ്ങൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## പിഎച്ച്.ഡി നൽകി

ജിതേന്ദ്രൻ എസ്, മമിത ജെ.എസ് (കൊമേഴ്സ്), നയന സി, ഉദയൻ എസ്, മുരുകേശ് എസ് (മലയാളം), ചാൾസ് വർഗീസ്, വന്ദന എം.വി (സോഷ്യോളജി), മരിയ ഇമ്മാനുവൽ, സെനിയ ഗോപാലകൃഷ്ണൻ (ഫിസിക്സ്), ബിന്ദു എൻ (ഫ്യൂച്ചേഴ്സ് സ്റ്റഡീസ്), ഡോ.ഷൈല.എസ് (മെഡിസിൻ), അനാർക്കലി എം (സുവോളജി), ബീന എ.ഒ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചനീയറിംഗ്) എന്നിവർക്ക് പിഎച്ച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## പരീക്ഷാഫീസ്

2020 ജൂലൈയിൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ (സപ്ലിമെന്ററി), എട്ടാം സെമസ്റ്റർ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ബി.ആർക്ക് (2013 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂൺ 11 വരെയും 150 രൂപ പിഴയോടെ ജൂൺ 16 വരെയും 400 രൂപ പിഴയോടെ ജൂൺ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി/ബി.എച്ച്.എം) (2018 സ്കീം – റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2014 സ്കീം – സപ്ലിമെന്ററി, 2012 & 2013 അഡ്മിഷൻ – സപ്ലിമെന്ററി, 2006 സ്കീം – മേഴ്സിചാൻസ്) പരീക്ഷകൾക്കുള്ള അപേക്ഷ ക്ഷണിച്ചു. പിഴകൂടാതെ ജൂൺ 10 വരെയും 150 രൂപ പിഴയോടെ ജൂൺ 15 വരെയും 400 രൂപ പിഴയോടെ ജൂൺ 18 വരെയും അപേക്ഷിക്കാം. 2014, 2018 സ്കീം വിദ്യാർത്ഥികൾ ഓൺലൈനായും മറ്റു വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷകൾ നല്കിയുമാണ് അപേക്ഷിക്കേണ്ടത്.

## പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ മലയാളം (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ), എം.എ ഇംഗ്ലീഷ് എന്നീ ഡിഗ്രി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

സർവകലാശാലയുടെ അറബിക് പഠനവകുപ്പ് സെപ്റ്റംബറിൽ ആരംഭിക്കുന്ന മൂന്നു മാസ അറബിക് ടൈപ്പിംഗ് (ഫസ്റ്റ് ബാച്ച് – പാർട്ട് ടൈം) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത:പ്ലസ്ടു, ഫീസ്: 3000/–, അപേക്ഷാഫോം കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിൽ/വെബ്സൈറ്റിൽ (www.arabicku.in) നിന്ന് ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ഫോൺ:9633812633/2308846

## മസ്റ്ററിംഗ് – തപാൽ മാർഗം അപേക്ഷകൾ സമർപ്പിക്കാം

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തോട് അനുബന്ധിച്ച് നിലനിൽക്കുന്ന ലോക്ഡൗൺ നിർദ്ദേശ പ്രകാരം പ്രായമായവർ പുറത്തിറങ്ങുന്നത് ഒഴിവാക്കേണ്ടതിനാൽ കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരും ഫാമിലി പെൻഷൻകാരും നേരിട്ട് ഹാജരായി മസ്റ്ററിംഗ് നടത്തുന്ന രീതി നിലവിൽ പ്രായോഗികമല്ല. ആയതിനാൽ അവർ ഒരു ഗസറ്റഡ് ഓഫീസർ/ബാങ്ക് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് 2020 ജൂലൈ 15 നകം ഫിനാൻസ് ഓഫീസർ, കേരള സർവകലാശാല, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ തപാൽ മാർഗം അയയ്ക്കേണ്ടതാണ്. ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക കേരള സർവകലാശാല ഫിനാൻസ് വിഭാഗം വെബ്സൈറ്റായ www.kufinance.info - യിൽ ലഭ്യമാണ്.

ഈ സാമ്പത്തികവർഷം (2020 –21) ആദായനികുതിയുടെ പരിധിയിൽ വരുന്നവർ ലൈഫ് സർട്ടിഫിക്കറ്റിനോടൊപ്പം Anticipatory Income tax Statement കൂടി ഡൗൺലോഡ് ചെയ്ത് അയയ്ക്കേണ്ടതാണ്.

**(പ്രത്യേക കുറിപ്പ്:** സർവകലാശാലയിലെ പെൻഷൻകാർ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ളതിനാൽ കേരളത്തിലെ എല്ലാ എഡിഷനുകളിലും ഈ വാർത്ത പ്രസിദ്ധീകരിക്കാൻ താൽപ്പര്യപ്പെടുന്നു)

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

04.06.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098